# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1229 — 21.03.2013 ൽ - മറുപടിക്ക്

## റേഷൻ വിതരണ മേഖലയിലെ പ്രശ്നങ്ങളുടെ പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ :<br>,, എം. എ. വാഹീദ് :<br>,, ലൂഡി ലൂയിസ് :<br>,, എം. പി. വിൻസെന്റ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ വിതരണ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. സർക്കാരിന്റെ 10.12.2012 ലെ സ.ഉ. (എം.എസ്) നം. 39/12/ഭ.പൊ.വി.വ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീമതി നിവേദിത പി. ഹരൻ ഐ.എ.എസ്.നെ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് പ്രസ്തുത കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്;<br>(സി) പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) & (സി) പൊതുവിതരണ രംഗം സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന സാഹചര്യത്തിൽ റേഷൻ കടകൾ സുതാര്യമായും മാന്യമായും, പൊതുജനോപകാരപ്രദമായും നടത്തിക്കൊണ്ടു പോകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും, ഇവയിൽ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും, അതിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നുമുള്ള വിവരങ്ങൾ പരിശോധിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചത്. |
| (ഡി) പ്രസ്തുത പഠന റിപ്പോർട്ട് എന്ന് ലഭ്യമാകുമെന്ന് അറിയിക്കുമോ? | (ഡി) ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ രണ്ടു മാസം കൂടി സമയം നീട്ടികിട്ടണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട് പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ